LIBRARY ARCHIVES Kerala Legislative Assembly

ഗസ്റ്റ് അദ്ധ്യാപകർക്ക് സാലറി ലഭിക്കുന്നതിലെ തടസ്സം

120 (4508) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ 2020-ൽ അനുവദിച്ച നൃ ജനറേഷൻ കോഴ്സുകൾക്ക് വർക്ക് ലോഡ് നിജപ്പെടുത്തി നൽകാത്തതുമൂലം ഗസ്റ്റ് ആയി ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് സാലറി ലഭിക്കുന്നതിലെ തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വർക്ക് ലോഡ് നിജപ്പെടുത്തി നൽകുന്നതിലെ തടസ്സം എന്താണെന്ന് വിശദമാക്കുമോ;

&

(ബി) അടിയന്തരമായി പ്രസ്തുത വിഷയത്തിൽ പരിഹാര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സർവ്വകലാശാലകൾ വർക്ക് ലോഡ് കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

വിദ്യാർത്ഥികളെ കേരള സാങ്കേതിക സർവ്വകലാശാല അയോഗ്യരാക്കിയ സംഭവം

121 (4509) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്താൽ സി.ഇ.ഇ. കേരള പ്രസിദ്ധീകരിച്ച ലാറ്ററൽ എൻടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടില്ലെങ്കിലും ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ തുടരാം എന്ന് സ്വാശ്രയ കോളേജ് അധികൃതർ അറിയിച്ചതിനെത്തുടർന്ന് അഡ്മിഷൻ നേടി പഠനം തുടർന്ന ഇരുന്നൂറ്റി മുപ്പതോളം വിദ്യാർത്ഥികളെ കേരള സാങ്കേതിക സർവ്വകലാശാല അയോഗ്യരാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒരു കൊല്ലത്തോളം പഠനം തുടരുകയും മറ്റെല്ലാ യോഗ്യതയും ഉണ്ടായിട്ടും മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിലില്ലെന്ന ഒറ്റ കാരണത്താൽ തുടർ പഠനം നിഷേധിക്കപ്പെടുകയും ചെയ്ത പാലക്കാട്, മങ്കര, കണ്ണംപരിയാരത്തെ രാജധാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് കോളേജിലെ ഏഴോളം വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരുടെ വിദ്യാഭ്യാസഭാവി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

നിലവിലെ നിയമപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ പുറത്തിറക്കിയ പ്രോസ്പെക്ടസ് അനുസരിച്ചാണ് ബി.ടെക് ലാറ്ററൽ എൻട്രി അഡ്മിഷൻ നടത്തേണ്ടത്. എന്നാൽ ചില സ്വകാര്യ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾ പ്രവേശന പരീക്ഷാ കമ്മിഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് ബി.ടെക്. (ലാറ്ററൽ എൻട്രി) വിഭാഗത്തിൽ പ്രവേശനം നൽകി. പ്രോസ്പെക്ടസിന് വിരുദ്ധമായ ഇത്തരം അഡ്മിഷൻ സർവകലാശാല അംഗീകരിച്ചിട്ടില്ല. ഇതേതുടർന്ന് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ കോടതിയെ സമീപിക്കുകയും ഇടക്കാല ഉത്തരവുകൾ നേടിയതിന്റെ പശ്ചാത്തലത്തിൽ പ്രൊവിഷണലായി പരീക്ഷ എഴുതുകയും ചെയ്തു. എന്നാൽ 2021 ജൂലൈ 6-ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമവിധിപ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികൾ മാത്രമാണ് അഡ്മിഷന് യോഗ്യരായത്. ഹൈക്കോടതി അന്തിമ വിധിയുടെ പശ്ചാത്തലത്തിൽ അയോഗ്യരാക്കപ്പെട്ട കുട്ടികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ അനുവദിച്ചിട്ടില്ല.

അറ്റൻഡർ തസ്തികയുടെ പുനർനാമകരണം

122 (4510) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അറ്റൻഡർ തസ്തികയുടെ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ എടുത്തിട്ടുള്ള തീരുമാനം എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയുടെ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലോ വകുപ്പ് തലത്തിലോ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ അറിയിക്കുമോ;

&

(സി) പുനർനാമകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

(എ-സി)കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അറ്റൻഡർ തസ്തിക പുനർനാമകരണവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ തലത്തിൽ 7-8-2019-ൽ യോഗം ചേർന്നു. പ്രസ്തുത നിയമനം നടത്തുന്നത് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ പത്താംതരം പാസായവരിൽനിന്നും ബൈ ട്രാൻസ്ഫർ വഴി ആയതിനാൽ